©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2026 ആഗസ്റ്റ് 17<br>17th August 2026<br>1202 ചിങ്ങം 1<br>1st Chingam 1202<br>1948 ശ്രാവണം 26<br>26th Sravana 1948 | നമ്പർ<br>No. | 2306 |

### കേരള സർക്കാർ

നിയമ (കെ. എൽ. ബി. എഫ്.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 23/2026/ നിയമം. *തിരുവനന്തപുരം, 2026 ആഗസ്റ്റ് 14.*

**എസ്. ആർ. ഒ. നമ്പർ 704/2026**

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 25-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2004 ജൂൺ 17-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 83/2004/നിയമം നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2004 ജൂൺ 17-ാം തീയതിയിലെ 1274-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 621/2004 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (രണ്ടാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ, ചട്ടം 15 എ യിൽ "1,500" എന്ന അക്കത്തിന് പകരം "2,000" എന്ന അക്കം ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജി. എസ്. ആശ,

*സ്പെഷ്യൽ സെക്രട്ടറി [നിയമ സെക്രട്ടറി (i/c)]*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങൾക്ക് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽനിന്നും പ്രതിവർഷം 1,500 രൂപ നിരക്കിൽ നൽകിവരുന്ന ഉൽസവബത്ത 2,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ആയതിലേക്കായി 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.17 06:58:58 +05:30